ചില അപാകതകൾ പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അധികാരികളെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) തിരുവനന്തപുരം എഫ്.സി 2-3714/10 തീയതി 24-5-2010-ലെ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടികൾ തുടർന്നു വരുന്നുണ്ട്.

ഫോറസ്റ്റ് ഗാർഡിനെ ആക്രമിച്ച സംഭവം

135 (4488) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവദാസ് എന്ന ഫോറസ്റ്റ് ഗാർഡിനെ കോഴിക്കോട് വച്ച് തന്റെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അവസരത്തിൽ വെടിവെച്ചുകൊന്നതിൽ ഉൾപ്പെട്ട പ്രതികളെ എല്ലാവരേയും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രതികളിൽ ആരെങ്കിലും മുമ്പ് വനം വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിൽ പ്രതിയായിരുന്നോ ; എങ്കിൽ ആര് ; ഏത് കേസ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ആക്രമണങ്ങൾ തടയുവാൻ വനപാലകർക്ക് കൂടുതൽ ആയുധങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കൊച്ചുമ്മദ് എന്ന പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുകയും പിന്നീട് റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രതി മുമ്പ് വനം വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിൽ പ്രതിയായിട്ടില്ല.

(സി) പരിഗണിച്ചു വരുന്നു.

വനപാലകരുടെ ശമ്പളപരിഷ്ക്കരണം

136 (4489) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനം വകുപ്പിലെ വനപാലകരുടെ സേവന-വേതന വ്യവസ്ഥകൾ 2006-ൽ നിശ്ചയിച്ചപ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിലെ സമാന തസ്തികകളിലുള്ളവരുമായി ഉണ്ടായിരുന്ന ശമ്പള തുല്യത നഷ്ടപ്പെട്ടതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതു പരിഹരിക്കുന്നത് സംബന്ധിച്ച് വനപാലകരുടെ സംഘടനകൾ നൽകിയ പരാതികൾ പരിഹരിക്കാൻ കഴിഞ്ഞ നാല് വർഷമായി കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിനുശേഷം വിവിധ വകുപ്പുകളിലെ യൂണിഫോംഡ് സ്റ്റാഫിന്റെ യൂണിഫോം അലവൻസുകൾ വർദ്ധിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly